'ഭരണഭാഷ -മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - 04.10.2017- തീയ്യതിയിലെ സ.ഉ (കൈ) നം.261/2017/ഉ.വി.വ.നം സർക്കാർ ഉത്തരവ് പ്രകാരം രണ്ട് സർക്കാർ എയിഡഡ് പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട 3 തസ്തികകൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(കൈ)നം. 204 /2020 /ഉ.വി.വ** **തീയതി, തിരുവനന്തപുരം,06.06.2020**

പരാമർശം:- 1. 04.10.2017-ലെ സ.ഉ.(കൈ)നം.261/2017/ഉ.വി.വ. നം സർക്കാർ ഉത്തരവ്.

2.സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറുടെ 5/02/2018, 29/6/18,22/12/18, 27/04/2019 തീയ്യതികളിലെ L1/28352/16 ഡി.ടി.ഇ.നം കത്ത് .

**ഉത്തരവ്**

സർക്കാർ പോളിടെക്നിക്കുകളിലും എയിഡഡ് പോളിടെക്നിക്കുകളിലും 2017-18 സാമ്പത്തിക വർഷം പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി വിവിധ ബ്രാഞ്ചുകളിൽ ലക്ചറർ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ്, അഡ്ജങ്ക്ട് ഫാക്കൽറ്റി എന്നീ തസ്തികകൾ താഴെ പറഞ്ഞിരിക്കുന്ന വിധത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

| | സർക്കാർ പോളിടെക്നിക്ക് കോളേജ് | എയ്ഡഡ് പോളിടെക്നിക്ക് കോളേജ് | ആകെ |
|---|---|---|---|
| ലക്ചറർ | 82 | 9 | 91 |
| അഡ്ജങ്ക്ട് ഫാക്കൽറ്റി | 92 | 15 | 107 |
| ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് | 1 | | 1 |
| ആകെ | 175 | 24 | 199 |

2) 2018-19 ലെ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അധ്യാപക: വിദ്യാർത്ഥി അനുപാതം 2017-18 ൽ നിലനിന്നിരുന്ന 1 : 20 എന്ന അനുപാതത്തിൽ നിന്നും 1 : 25 ആക്കി പരിഷ്കരിച്ചു, ഈ പുതിയ മാനദണ്ഡ പ്രകാരം അനുപാതം പുതുക്കി നിശ്ചയിച്ചപ്പോൾ 2017-18 ൽ സൃഷ്ടിക്കപ്പെട്ട ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും അതനുസരിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ചുവടെ ചേർക്കുന്ന തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആയത് റദ്ദാക്കുന്നതിന് പരാമർശം (2) ലെ 5/02/2018 തീയതിയിലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |

3) എന്നാൽ ,പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ സ്റ്റാഫ് പാറ്റേണിൻെറയും ഫാക്കൽറ്റി : വിദ്യാർത്ഥി അനുപാതത്തിൻെറയും അടിസ്ഥാനത്തിൽ പുന:പരിശോധിച്ചതിൽ പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ ഓരോ ബ്രാഞ്ചിലും 5 ലക്ചറർ 1 വകുപ്പ് മേധാവി എന്ന രീതിയിൽ നിജപ്പെടുത്തേണ്ടതുണ്ട് . ഇതിനു വിപരീതമായി പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും 6 ലക്ചറർ നിലവിലുണ്ട് . ആയതിനാൽ പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ പരാമർശം (2)ലെ 05.02.2018-ലെ പ്രൊപ്പോസൽ പ്രകാരം റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്ന പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് തസ്തികയ്ക്കു പകരം ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തിക റദ്ദാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2)-ലെ 27.04.2019 -ലെ കത്ത് പ്രകാരം ശിപാർശ ചെയ്തു.

4)സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ, അധ്യാപക: വിദ്യാർത്ഥി അനുപാതം 1:25 ആയി പരിഷ്കരിച്ചതനുസരിച്ച് പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ സർക്കാർ ഉത്തരവ്

പ്രകാരം സൃഷ്ടിക്കപ്പെട്ട ഇപ്പോൾ അധികമാണെന്ന് കണ്ടെത്തിയ ചുവടെ ചേർക്കുന്ന തസ്തികകൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ്
പ്രിൻസിപ്പൽ, ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ്
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ധനകാര്യ വകുപ്പ് (05.03.2020 തീയതിയിലെ EDN-C2/257/2018-FIN നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ